(സി) എത്ര മൃഗങ്ങൾക്കു കൃത്രിമ ഗർഭോല്പാദന കുത്തിവയ്പ്പുകൾ നടത്തി;

(ഡി) ചികിൽസയിൽ മൃഗങ്ങൾക്ക് ഏറ്റവും കൂടുതൽ കണ്ട രോഗങ്ങൾ എന്തെല്ലാമായിരുന്നു;

(ഇ) മഹനേന്ദ്രിയ അസുഖങ്ങൾമൂലം കന്നുകാലികളിൽനിന്നു കൃഷിക്കാർക്ക് എത്ര കോടി ഉറുപ്പികയുടെ നഷ്ടം ഒരു വർഷം ഉണ്ടാകുമെന്നാണ് സർവേയിൽ പറയുന്നത് ;

(എഫ്) ഈ നഷ്ടം പരിഹരിക്കാൻ ഗവൺമെന്റ് എന്തു നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) പോളി ക്ലിനിക്കുകൾ .. 49
മൃഗാശുപത്രികൾ .. 66
ഡിസ്പെൻസറികൾ .. 434
സഞ്ചരിക്കുന്ന മൃഗാശുപത്രികൾ .. 12
സബ് സെൻറുകൾ .. 113
സഞ്ചരിക്കുന്ന ഫാം എയ്ഡ് യൂണിറ്റുകൾ .. 18

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) 1984-85 വർഷത്തിൽ മൊത്തം 755853 കന്നുകാലികൾക്ക് (പശുക്കളും എരുമകളും) ബീജ സങ്കലനം നടത്തുകയുണ്ടായി.

(ഡി) മഹനേന്ദ്രിയരോഗങ്ങൾ പാദരോഗങ്ങൾ ശ്വാസകോശ സംബന്ധമായ രോഗങ്ങൾ മുതലായവ.

(ഇ) മഹനേന്ദ്രിയ അസുഖങ്ങൾ നിമിത്തം സംസ്ഥാനത്തെ കർഷകർക്ക് ശരാശരി 13 കോടി രൂപയോളം പ്രതിവർഷം നഷ്ടം സംഭവിക്കുന്നുണ്ട്.

(എഫ്) ശരിയായ വിധത്തിൽ കന്നുകാലികളെ സംരക്ഷിക്കാത്തതുകൊണ്ടാണ് മഹനേന്ദ്രിയ അസുഖങ്ങൾ സാധാരണ ഉണ്ടാകുന്നത് എന്നതുകൊണ്ട് വിദഗ്ദ്ധോപദേശം കർഷകർക്കു നൽകുന്നതിനു വേണ്ട പരിപാടികൾ ആസൂത്രണം ചെയ്തു വരുന്നു. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനു സഹായകമായ തരത്തിൽ പഞ്ചായത്തുതല എക്സ്റ്റൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

കണ്ണൂരിൽ വെറ്റിനറി കോളേജ്

147 [412] ശ്രീ. പി. ഭാസ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ വെറ്റിനറി കോളേജ് ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ ;

* അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുണ്ടക്കാട് കോഴി വളർത്തൽ കേന്ദ്രം കോളേജിനു പറ്റിയ സ്ഥലമാണെന്നു വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ വെറ്റിനറി കോളേജ് ആരംഭിക്കുന്നതിനുള്ള ഒരു നിർദ്ദേശം പരിഗണനയിലുണ്ട്.

(ബി) ഇല്ല.

സ്പോർട്സ് കോംപ്ലക്സ്

148 [413] ശ്രീ. പി. ഭാസ്ക്കരൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സിന്റെ ഈറ്റില്ലം എന്നറിയപ്പെടുന്ന കണ്ണൂരിൽ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുമോ ;

(ബി) ഇതുസംബന്ധിച്ച് നിവേദനം കിട്ടിയിട്ടുണ്ടോ ?

ഉത്തരം

(എ) സ്പോർട്സ്-കോംപ്ലക്സ് എവിടെ സ്ഥാപിക്കണമെന്നതു സംബന്ധിച്ച അന്തിമതീരുമാനം ഇതുവരെയുമായിട്ടില്ല.

(ബി) ഇല്ല.

സ്റ്റേഡിയങ്ങളും ജിംനേഷ്യങ്ങളും നീന്തൽകുളങ്ങളും നിർമ്മിക്കുവാൻ ഗവൺമെന്റ് പരിപാടി

149 [414] ശ്രീ. ഇ. പത്മനാഭൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ്-ഗെയിംസ് രംഗങ്ങളിൽ യുവജന വിദ്യാർത്ഥികൾക്ക് സൗകര്യങ്ങൾ വികസിപ്പിക്കുവാൻ ജില്ലാ താലൂക്ക് തലങ്ങളിൽ സ്റ്റേഡിയങ്ങളും ജിംനേഷ്യങ്ങളും നീന്തൽകുളങ്ങളും നിർമ്മിക്കുവാൻ ഗവൺമെന്റ് എന്തെങ്കിലും പരിപാടി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പാലക്കാട് ജില്ലാ തലസ്ഥാനത്ത് സ്റ്റേഡിയം പണിചെയ്യുന്നതിന് സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലക്കാട് മുനിസിപ്പാലിറ്റിക്ക് സ്റ്റേഡിയം പണിയുന്നതിന് 15 ലക്ഷം രൂപയുടെ അടങ്കൽ തുക അംഗീകരിച്ച് 5 ലക്ഷം രൂപ സ്പോർട്സ് കൗൺസിലിൽനിന്നും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly